രാമവർമ്മതമ്പുരാൻ.— (എ) പണി എടുക്കുവാൻ പ്രാപ്തിയില്ലാത്ത യാതൊരു കിഴവന്മാരും പ്യൂൺമാരായി സർവ്വീസ്സിൽ ഇല്ല.

(ബി) ഉത്തരം ആവശ്യമില്ല.

മിസ്റ്റർ കെ. പി. വള്ളോൻ.— മട്ടാഞ്ചേരി മുൻസീഫുകോടതിയിൽ കൂടുതൽ എത്ര വയസ്സുള്ള പ്യൂൺസ് ജോലി നോക്കുന്നുണ്ട്?

രാമവർമ്മതമ്പുരാൻ.— അന്വേഷിച്ചുവേണം പറയുവാൻ.

Mr. Paul Mampilli.—Is there any age limit for these peons ?

Rama Varmha Tampuran.—No. So long as they are able to discharge their duties properly they are retained in service.

Mr. Paul Mampilli.—Are they required to produce medical certificates after a certain age ?

Rama Varmha Tampuran.—They will be sent for medical examination if the officers think they are unfit for work.

Construction of the Pulloot bridge.

200. മിസ്റ്റർ ഇസ്മായിൽ ഹാജി ഈസ്സാ സേട്ട്.—പല്ലുറുത്തി പാലം പണി എപ്പോൾ ആരംഭിക്കുവാൻ സാധിയ്ക്കുമെന്നു പറയാമോ?

മിസ്റ്റർ പി. കെ. അരവിന്ദാക്ഷമേനോൻ.— കൊടുങ്ങല്ലൂരും പല്ലുറുത്തിയും തമ്മിൽബന്ധിക്കുന്ന ഒരു പാലം പണിയുന്ന കാര്യം ഗവർമ്മെണ്ടിന്റെ ആലോചനയിൽ ഇരിക്കുന്നു. പാലംപണി എപ്പോൾ ആരംഭിക്കുമെന്ന് ഇപ്പോൾ പറയുവാൻ സാധിക്കുന്നതല്ല.

മിസ്റ്റർ ഇസ്മായിൽ ഹാജി ഈസ്സാ സേട്ട്.—പല്ലുറുത്തി പാലം എപ്പോൾ പണിയുവാൻ ഗവർമ്മെൻറിനു സാധിയ്ക്കുമെന്നു പറയാമോ?

മിസ്റ്റർ പി. കെ. അരവിന്ദാക്ഷമേനോൻ.— ഇതിൽതന്നെ പറഞ്ഞിട്ടുണ്ട്. പാലം പണി എപ്പോൾ ആരംഭിയ്ക്കുമെന്ന് ഇപ്പോൾ പറയുവാൻ സാധിയ്ക്കുകയില്ലെന്ന്.

മിസ്റ്റർ ഇസ്മായിൽ ഹാജി ഈസ്സാ സേട്ട്.—അതിന്റെ പണി എന്നു തുടങ്ങുവാൻ സാധിയ്ക്കും?

മിസ്റ്റർ പി. കെ. അരവിന്ദാക്ഷമേനോൻ.— അതു് ഇപ്പോൾ പറയുവാൻ സാധിയ്ക്കുകയില്ല. കൊടുങ്ങല്ലൂരും പല്ലുറുത്തിയും തമ്മിൽ ബന്ധിയ്ക്കുന്ന ഒരു പാലം പണിയുന്ന കാര്യം ഗവർമ്മെൻറിന്റെ ആലോചനയിലിരിയ്ക്കുന്നുണ്ട്.

മിസ്റ്റർ ഇസ്മായിൽ ഹാജി ഈസ്സാ സേട്ട്.—എത്ര നാൾകൊണ്ട് അതു് അവസാനിയ്ക്കുമെന്നു പറയാമോ?

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ വി. കെ. അരവിന്ദാക്ഷമേനോൻ.— പറയുവാൻ സാധിയ്ക്കയില്ല.

മിസ്റ്റർ കെ. എം. ഇബ്രാഹിം.— കൊട്ടക്കല്ലരിലെ പൊതുമരാമത്തിനങ്ങൾ പലരെ അനാസ്ഥയിൽ തള്ളിയിരിയ്ക്കുന്നതുകൊണ്ട് ഈ കായ്യം ഒരു ചുരുങ്ങിയ കാലത്തിനുള്ളിൽ ചെയ്തുതരാമെന്ന ഭയവായി പറയുവാൻ സാധിയ്ക്കുമോ?

മിസ്റ്റർ വി. കെ. അരവിന്ദാക്ഷമേനോൻ.— കഴിയുന്നതും വേഗത്തിൽ ചെയ്യാം.

Mr. K. M. Ibrahim.—Thanks, Sir.

LIBRARY ARCHIVES Kerala Legislative Assembly